## പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4031** **03/02/2014-ൽ മറുപടിക്ക്**

### ജനറിക് മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടിക്രമം

**ചോദ്യം** **മറുപടി**

**ശ്രീമതി കെ. എസ്. സലീഖ**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ സൗജന്യമായി നൽകുന്ന ജനറിക് മരുന്നുകൾ നിലവിൽ ഏതെല്ലാം ആശുപത്രികളിൽ ലഭ്യമാണ്; ലഭ്യമല്ലാത്ത ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ജനറിക് മരുന്നുകൾ ലഭ്യമാണ്. |
| (ബി) | നിലവിൽ എത്ര ഇനം മരുന്നുകളാണ് ആശുപത്രികൾ മുഖേന സൗജന്യമായി വിതരണം ചെയ്യുന്നത്; | (ബി) | അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെട്ട 518 ഇനം മരുന്നുകളും റാഷണൽ ഡ്രഗ്ഗ് ലിസ്റ്റിൽ ഉൾപ്പെട്ട 314 ഇനം മരുന്നുകളും, കാൻസർ രോഗ ചികിത്സയ്ക്കുള്ള 107 ഇനം മരുന്നുകളും ഉൾപ്പെടെയുള്ള 939 ഇനം മരുന്നുകളിൽ 820 ഓളം മരുന്നുകൾ നിലവിൽ സൗജന്യമായി വിതരണം ചെയ്തു വരുന്നു. |
| (സി) | 2014-15 സാമ്പത്തിക വർഷം അവശ്യം വേണ്ടുന്ന മരുന്ന് സംഭരിക്കാനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | 2014-15 സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ മരുന്നുകൾ സംഭരിക്കുന്നതിനായി ആരോഗ്യ വകുപ്പിൽ നിന്നും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ ഇൻഡന്റ് അനുസരിച്ചുള്ള മരുന്നുകളുടെ ടെണ്ടർ 28.01.2014 ന് ക്ഷണിച്ചിട്ടുണ്ട്. |
| (ഡി) | 2013-14 വർഷം വാങ്ങിയ മരുന്നുകളിൽ അത്യാവശ്യ ജീവൻ രക്ഷാമരുന്നുകൾ അവശ്യം വേണ്ടുന്ന രോഗികൾക്ക് യഥാസമയം ലഭ്യമല്ലാതിരുന്നത് പരിശോധിച്ചുവോ; എങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | 2013-14 സാമ്പത്തിക വർഷത്തിൽ ആരോഗ്യ വകുപ്പിൽ നിന്നും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ ഇൻഡന്റ് അനുസരിച്ചുള്ള മരുന്നുകൾ ആവശ്യാനുസരണം എല്ലാ സർക്കാർ ആശുപത്രികളിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ചു വിതരണം ചെയ്തുവരുന്നുണ്ട്. ഈ കാലയളവിൽ ജീവൻരക്ഷാ മരുന്നുകളുടെ ദൗർലഭ്യം അനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | 2014-15 വർഷം രോഗികൾക്ക് ആവശ്യകത കൂടുതൽ വരുന്ന മരുന്നുകൾ കൂടുതൽ വാങ്ങുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ഇ) | 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് ആരോഗ്യ വകുപ്പിനും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾക്കുവേണ്ടി സംസ്ഥാന ആരോഗ്യവകുപ്പു ഡയറക്ടറും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പു ഡയറക്ടറും സാക്ഷ്യപ്പെടുത്തിയ വാർഷിക ഇൻഡന്റ് പ്രകാരമാണ് കോർപ്പറേഷൻ മുഖേന സംഭരിച്ചു വിതരണം ചെയ്യാനായി ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ചെയ്ത ക്വാണ്ടിറ്റിയിന്മേൽ 25% വരെ അധികം ഓർഡർ നൽകി വാങ്ങുവാൻ ടെണ്ടറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (എഫ്) | 2014-15 വർഷം മരുന്ന് വാങ്ങുമ്പോൾ മുൻവർഷം വാങ്ങിയ മരുന്നുകളിൽ ഏതെങ്കിലും മരുന്നുകൾ വാങ്ങുന്നതിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചുവോ; എങ്കിൽ ഏതെല്ലാം എന്നും എന്ത് കാരണത്താൽ എന്നും വ്യക്തമാക്കുമോ; | (എഫ്) | ചില മരുന്നുകളുടെ സ്പെസിഫിക്കേഷനിലുള്ള വ്യത്യാസം, ഒരു ലിസ്റ്റിൽ വരുന്ന മരുന്നുകൾ പല സ്ട്രെംങ്ത്തിൽ മറ്റു ലിസ്റ്റുകളിലും ലഭ്യമാണ് തുടങ്ങിയ കാരണങ്ങളാൽ നിലവിലുള്ള ലിസ്റ്റിൽ ഉൾപ്പെട്ട ചില മരുന്നുകൾ ഇപ്പോൾ വ്യാപകമായി ഉപയോഗിക്കുന്നില്ല. ഇക്കാരണത്താൽ കോർപ്പറേഷൻ സംഭരിക്കുന്ന മരുന്നുകളുടെ ലിസ്റ്റ് ആരോഗ്യ വകുപ്പ് ഡയറക്ടറുടേയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പു ഡയറക്ടറുടേയും നിർദ്ദേശപ്രകാരം പരിഷ്ക്കരിച്ചിട്ടുണ്ട്. നിലവിലുള്ള മരുന്നു പട്ടികയിൽ നിന്നും നീക്കം ചെയ്ത മരുന്നുകളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ജി) | 2014-15 വർഷം മരുന്ന് വാങ്ങുന്നതിനായി ആവശ്യകതയുള്ള മരുന്നുകളുടെ ഇൻഡന്റ് ഏതെല്ലാം ആശുപത്രികളിൽ നിന്നും കെ.എം.എസ്.സി.എൽ ന് ലഭിച്ചു.; ഇനി ലഭ്യമാക്കേണ്ട ആശുപത്രികൾ/അധികാരികൾ ആരെന്ന് വ്യക്തമാക്കുമോ; | (ജി) & (എച്ച്) | സംസ്ഥാന ആരോഗ്യ വകുപ്പിനും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള ആശുപത്രികൾ നൽകുന്ന ഇൻഡന്റുകൾ ക്രോഡീകരിച്ചു നൽകുന്നത് ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും ആണ്. 2014-15 സാമ്പത്തിക വർഷം മരുന്നു വാങ്ങുന്നതിനുള്ള വാർഷിക ഇൻഡന്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് 2014 ജനുവരി 10 നും ആരോഗ്യ വകുപ്പിൽ നിന്നും 2014 ജനുവരി 18 നും കോർപ്പറേഷന് ലഭിക്കുകയും, അതനുസരിച്ച് 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നുകൾ സംഭരിക്കാനുള്ള ടെണ്ടറുകൾ 2014 ജനുവരി 28 ന് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. |
| (എച്ച്) | 2014-15 വർഷം മരുന്ന് വാങ്ങലിനായി കെ.എം.എസ്.സി.എൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്